"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജവകുപ്പ് -ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ സീനിയർ ക്ലർക്ക് ശ്രീ.ശ്യാം കൃഷ്ണൻ (പെൻ 828305)-ന് 21.05.2025 മുതൽ 17.06.2025 വരെയുള്ള 28 ദിവസങ്ങളിലേക്ക് പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.22/2026/POWER തീയതി,തിരുവനന്തപുരം, 29-01-2026

---

പരാമർശം:- 1 ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 09/07/2025-ലെ സി ഇ ഐ/ 2034/2025/ഇ3 നമ്പർ കത്ത്

**ഉത്തരവ്**

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ സീനിയർ ക്ലർക്ക് ശ്രീ.ശ്യാം കൃഷ്ണൻ (പെൻ 828305) 21.05.2025-ന് രാവിലെ ഔദ്യോഗിക ജോലി നിർവ്വഹിക്കുന്നതിനായി ഓഫീസിലേക്കുള്ള യാത്രാ മദ്ധ്യേ തെരുവുനായയുടെ ആക്രമണത്തിൽ നിന്ന് രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടയിൽ റെയിൽവേ ട്രാക്കിലേക്ക് തെന്നി വീഴുകയും ടിയാന്റെ കാൽപ്പാദത്തിലെ രണ്ട് വിരലുകൾക്ക് പൊട്ടൽ സംഭവിക്കുകയും ചെയ്തുവെന്നും ചികിത്സയുടെ ഭാഗമായി ടിയാന് ഡോക്ടർ 4 ആഴ്ചത്തെ വിശ്രമം നിർദ്ദേശിക്കുകയും ഓഫീസിൽ ഹാജരാകാൻ കഴിയാത്ത വിധം ചികിത്സയിലും ആയിരുന്നുവെന്നും ഔദ്യോഗിക കൃത്യ നിർവ്വഹണത്തിന്റെ ഭാഗമായിട്ടുള്ള യാത്രമദ്ധ്യേ ഉണ്ടായിട്ടുള്ള അപകടം ആയതിനാൽ 21.05.2025 മുതൽ 17.06.2025 വരെയുള്ള ദിവസങ്ങളിലേക്ക് പ്രത്യേക അവശതാവധിഅനുവദിക്കുന്നതിന് മെഡിക്കൽ സർട്ടിഫിക്കറ്റ്, മെഡിക്കൽ ഫിറ്റനസ്സ് സർട്ടിഫിക്കറ്റ് എന്നിവ സഹിതം ടിയാൻ അപേക്ഷ സമർപ്പിക്കുകയും മേലധികാരിയായ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ സാക്ഷ്യപത്രം സഹിതം ടിയാന് കെ.എസ്.ആർ. ഭാഗം I ചട്ടം 97 പ്രകാരം പ്രത്യേക അവശതാവധി അനുവദിക്കുന്നതിന് പരാമർശം (1 ) പ്രകാരം ശുപാർശ ചെയ്തിട്ടുണ്ട്.

2)സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . ശ്രീ.ശ്യാം കൃഷ്ണൻ പ്രത്യേക അവശതാവധി കഴിഞ്ഞ് 18.06.2025 പൂർവ്വാഹ്നം തിരികെ ജോലിയിൽ പ്രവേശിച്ചതായി ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഡ്യൂട്ടിക്കിടയിലാണ് അപകടം സംഭവിച്ചത് എന്നത് സംബന്ധിച്ച് മേലധികാരി നൽകുന്ന സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ സീനിയർ ക്ലർക്ക് ശ്രീ.ശ്യാം കൃഷ്ണൻ (പെൻ 828305) 21.05.2025 മുതൽ 17.06.2025 വരെയുള്ള 28 ദിവസങ്ങളിലേക്ക് കെ.എസ്.ആർ, ഭാഗം I, ചട്ടം 98 പ്രകാരം പ്രത്യേക അവശതാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHAHNA KUMARI S L
അണ്ടർ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

**Signed by Manoj S**
**Date: 29-01-2026 14:42:11**
സെക്ഷൻ ഓഫീസർ

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ , തിരുവനന്തപുരം
ശ്രീ.ശ്യാം കൃഷ്ണൻ (പെൻ 828305) , സീനിയർ ക്ലർക്ക് , ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയം (ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുഖേന )
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ആഡിറ്റ് / എ & ഇ ) , കേരള, തിരുവനന്തപുരം
ധനകാര്യ (ഐ & ഡബ്ല്യൂ -എ ) വകുപ്പ് ( 23.09.2025- ലെ e-3236512 /I&PW-A2/394/2025-FIN പ്രകാരം )
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി